# ഹാശാ ബുധൻ

## ബുധനാഴ്ച ഒമ്പതാം മണി

**കൗമാ**

(ബ്ഹൗനഹറോഗായൊ..... എന്ന രീതി)

നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം

**ഗദ്യം**

കർത്താവേ! നിന്നെ കൊല്ലുന്നതിന് ഒരുമിച്ചുകൂടിയ ജനം നിന്റെ ന്യായവിസ്താരത്തിൽ കുറ്റം ചുമത്തപ്പെടുകയും, നിന്നെയും നിന്റെ കഷ്ടാനുഭവത്തേയും ഏറ്റു പറഞ്ഞ പുറജാതികൾ നിന്റെ രാജ്യത്തിൽ പ്രവേശിക്കുകയും ചെയ്യും. **(മൂന്നു പ്രാവശ്യം)**

**(ലൊക്മോർ തെശുദ്ദുഹത്തോ)**

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,

Opened be to us Zion’s gates above
May our pleas be heard at the throne of Christ.
Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

(സുറിയാനി)

ലോക്മോർ തെശുദ്ദുഹത്തോ ലാ ബോക് എക്റോ
വൽറൂഹോദ് കുദ്ശോ സെഗതോ റൂമാ റോമോ
വലൈൻ ഹാതോയാ റഹ്മാ വഹ്നൂനോ
നസ്പാസ് ആഹൂൻതാരാ അയ് ഒറിശലേം ദഹലാ അൽ
നെൽഓൻ സ്ലാവോസോൻ ക്ദാംബിം ദം ശീഹോ
ശുബഹോ ലോക് മോറാൻ ശുബഹോ ലോക് മോറാൻ
ശുബഹോ ലോക് സബറാൻ ലാ ഒലാം, ബാറെക്മോർ.

ഗദ്യം

എന്റെ കർത്താവേ! തനിക്കു സ്തുതി തന്റെ പിതാവിനു ബഹുമാനവും ശുദ്ധമുള്ള തന്റെ റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളുമായ ഞങ്ങളുടെമേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ തന്റെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവേ സ്തുതി, ഞങ്ങളുടെ കർത്താവേ സ്തുതി, എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ സ്തുതി, ബാറെക്മോർ

സ്വർഗ്ഗസ്ഥനായഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power and the glory, for ever and ever. Amen (+)

**(51-ാം മസുമൂർ)**

ദൈവമേ! തവ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാ പങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

കർത്താവിനു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തിരുവചനത്തിൽ കർത്താവു നീതീകരിക്കപ്പെടുകയും തിരുന്യായവിധികളിൽകർത്താവു ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുക യും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻവെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സ ന്തോഷിക്കും.

എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്ര മങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്ക ണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. ത ന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേ ണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ.

അപ്പോൾ ഞാൻ അതിക്രക്കാരെ തിരുവഴി പഠിപ്പിക്കും. പാപിക ൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എ ന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളി ൽ താൻ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു.ദൈവംനുറുങ്ങിയഹൃദയത്തെനിരസിക്കുന്നില്ല.

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേ മിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടുകൂടി യ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോ ൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin.

For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out al my faults.

Create in me a clean heart, O God, and renew Thy steadfast spirit within me.Cast not me from Thy presence and take not Thy Holy Spirit from me.

But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee.

Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God. Barekmor.

**എനിയോനോ**

**(ഏമോദ്കിസോ...എന്ന രീതി)**

**(ഒലിവീന്തൽ തലകളെടുത്തൂശാന....... എന്നപോലെ)**

1. വാനത്തിൽ-മഹിമാപൂർവ്വം വാഴ്കെ
മനുജന്മാർ-തൻ-നിന്ദ സഹിച്ചോ-നെ
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

2. രക്ഷകനെ-മരണത്തിന്നേല്പിക്കാൻ
ഹന്നാൻ ഗൂ-ഢം ചിന്തിച്ചിന്നാളിൽ
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

3. നേരറ്റോൻ-ശിഷ്യൻ കയ്യാപ്പായോ
ടിന്നാൾ നി-ന്നെക്കൊല്ലാനായോ-ത്തു
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

4. രോഗികൾ തൻ-സൗഖ്യപ്രദനായോനെ
ഈഷ്യർയൊടി-ന്നാൾ കൊല്ലാൻ വിധി നൽ-കീ
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

5. ഹാശായിൽ-ഖേദിക്കും സഭയെ-നി
ന്നുത്ഥാന-ത്താൽ മോദിപ്പിക്കേ-ണം
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

ബാറെക്മോർ-ശുബഹോ-മെനഓലം

6. ജഡപരമായ് നമ്മൾക്കായ് പാടേറ്റോ
രേകാത്മ-ജനെ നാം കീർത്തിക്കേ-ണം
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**
സ്തൗമെൻകാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ

പുരോഹിതൻ: നാം എല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോടു കരുണയും ദയവും യാചിക്കണം.

പ്രതിവാക്യം: കാരുണ്യവാനായ കർത്താവേ! ഞങ്ങളിൽ കരുണ തോന്നി ഞങ്ങളെ സഹായിക്കണമെ.

പുരോഹിതൻ: സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും അനശ്വരമായ നല്ല ഉന്നതിയും നിത്യവും ഇടവിടാതെ അർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമെ.

തന്റെ കുരിശുകൊണ്ടു് ദീർഘദർശിമാരുടെ സൂചനകളെ നിവർത്തിക്കുകയും ദർശനക്കാരുടെ ഉപമകളെ നിറവേറ്റുകയും, പുണ്യവാന്മാരുടെ ദൃഷ്ടാന്തങ്ങളെ ഉറപ്പിക്കുകയും പരിശുദ്ധന്മാരുടെ രേഖകളെ പൂർണ്ണമാക്കുകയും, പ്രാസംഗികന്മാരുടെ ശബ്ദത്തെ പ്രബലമാക്കുകയും മഹാശക്തിയാൽ സുവിശേഷകന്മാർക്ക് വചനം നൽകുകയും ചെയ്ത രക്ഷിതാവിനു സ്തുതി. തനിക്ക് ദൈവീകമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

## സെദറാ

**ഞങ്ങൾക്കു** വേണ്ടി അറക്കപ്പെടുകയും തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കുകയും ചെയ്ത നല്ല ഇടയനായ മ്ശിഹാതമ്പുരാനേ! കർത്താവിന്റെ ഇടവക കർത്താവിനെ വന്ദിച്ചു സ്തുതിക്കുന്നു. മിണ്ടാപ്രാണികളുടെ ബലികളില നി

ന്നും രക്തം ഒഴുക്കലിൽ നിന്നും ഞങ്ങളെ വിരോധിപ്പാനും ഞങ്ങളുടെ ജീവകാലം മുഴുവൻ ഈ സുഗന്ധധൂപത്തോടുകൂടി സ്തോത്രത്തേയും പരിമളവാസനയേയും ഞങ്ങൾ കർത്താവിനു സമർപ്പിപ്പാനുമായി ഇപ്രകാരം തിരുമനസ്സായ കർത്താവേ! ഞങ്ങൾ കർത്താവിനു സ്തോത്രം ചെയ്യുന്നു. എന്റെ നാഥാ! തിരു രക്തത്താൽ സമ്പാദിച്ചതും കുരിശുകൊണ്ടു് രക്ഷിച്ചതുമായി കാതോലിക്കായിക്കടുത്തതും ശ്ലീഹായിക്കടുത്തതുമായ പരിശുദ്ധ സഭയുടെ സമാധാനത്തെ വർദ്ധിപ്പിക്കേണമെ. ഈ ലോകത്തിലെ അധികാരികളായ ക്രൂര രാജാക്കന്മാരെ അവരുടെ വാതിലുകളുടെ മുമ്പിൽ ദുർബ്ബലരാക്കേണമെ. ലോകാവസാനം വരെ കർത്താവിന്റെ സത്യ വാഗ്ദാനങ്ങളെ അവൾക്കായി കരുതി വെയ്ക്കണമെ. അവളുടെ പ്രധാന പുരോഹിതന്മാരുടെയും പുരോഹിതന്മാരുടെയും പ്രാർത്ഥനകളില നിരപ്പാക്കേണമെ. കർത്താവിന്റെ എല്ലാ ഇടവകയുടെമേലും പാപപരിഹാരം ചെയ്യേണമെ. കർത്താവിന്റെ ജയമുള്ള സ്ലീബായിൽ അഭയം പ്രാപിച്ചിരിക്കുന്ന വിശ്വാസിയായ രാജാവിന്റെ കിരീടം കാത്തുകൊള്ളേണമെ. ശത്രുത്വത്തെ അവന്റെ മുമ്പിൽ കുമ്പിടീക്കേണമെ. കാലത്തിന്റെ കിരീടത്തെ കർത്തൃ കൃപയാൽ അനുഗ്രഹിക്കണമെ. ഭൂമിയിലെ കായ്കനികളെ സകല ഉപദ്രവങ്ങളിൽ നിന്നും സൂക്ഷിച്ചുകൊള്ളേണമെ. ഞെരുങ്ങിയിരിക്കുന്നവർക്ക് സഹായിയും ദുഃഖിതർക്ക് സങ്കേതവും വ്യസനിച്ചിരിക്കുന്നവർക്ക് ആശ്വാസക്കാരനും ആവശ്യക്കാർക്ക് സംരക്ഷകനും ആയിരിക്കണമെ. കഷ്ടപ്പെടുന്നവരുടെ സങ്കടം തിരുമുമ്പിൽ പ്രവേശിക്കണമെ. അടിമപ്പെട്ടവരുടെ ഞെരുക്കത്തിൽ നിന്നു അനുഗ്രഹങ്ങളെ വിരോധിക്കരുതെ. സമുദ്രത്തിലെ ഓളങ്ങളാലും തിരമാലകളാലും ഞെരുങ്ങിയിരിക്കുന്നവരുടെ നിലവിളിയിൽ കർത്താവ് ഉണർന്നിരിക്കണമെ. അവർ കാംക്ഷിക്കുന്ന തുറമുഖത്തേക്ക് അവരെ കൊണ്ടുപോകണമെ. മുൻകൂട്ടി നിദ്ര പ്രാപിച്ചിരിക്കുന്ന ഞങ്ങളുടെ പിതാക്കന്മാരുടെയും സഹോദരന്മാരുടെയും ഗുരുക്കന്മാരുടെയും സഖിമാരുടെയും ആത്മാക്കളെ തവ കൃപയാൽ ഓർത്തുകൊള്ളേണമെ. കർത്താവു മുഖാന്തിരം അവർ ആശ്വാസസ്ഥലത്ത് ഒന്നിച്ചുകൂടുകയും കർത്താവിന്റെ ജീവന്റെ സങ്കേതസ്ഥലത്തേക്കു വന്നു ചേരുകയും ചെയ്യുമാറാകണമെ. കർത്താവിന്റെ കഷ്ടാനുഭവങ്ങളിൽ

ഏറ്റുപറഞ്ഞു കുരിശിനെ വന്ദിക്കുന്നതിനാൽ വാളാലോ അടിമപ്പെട്ടോ പട്ടിണിയാലോ ഉപദ്രവമേറ്റോ ഏതുവിധത്തിലും മരിച്ചുപോയിരിക്കുന്ന ഓരോരുത്തനും നാഥാ! അവിടെ പ്രതിഫലം നൽകണമെ. അവനെ കർത്താവിന്റെ ജീവന്റെ മണവറയിലേക്കും സ്വർഗ്ഗരാജ്യത്തിലേയ്ക്കും കൊണ്ടുപോകണമെ. കർത്താവിന്റേയും തവ പിതാവിന്റേയും പരിശുദ്ധ റൂഹായുടേയും കർതൃത്തിനു ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ എല്ലാവരിൽ നിന്നും സ്തുതി കരേറ്റുമാറാകേണമെ. ഹോശോ.........

## കോലോ

1. നിങ്ങളിൽ ഒരുവൻ യൂദജനത്തിന് എന്നെ ഒറ്റിക്കൊടുക്കുകയും അവർ എന്റെ കൈകളിൽ ആണി തറയ്ക്കുകയും കൊല്ലുകയും കബറിൽ എന്നെ വയ്ക്കുകയും ചെയ്യുമെന്ന് നമ്മുടെ രക്ഷകൻ അരുളിച്ചെയ്തപ്പോൾ ശിഷ്യന്മാർ ദുഃഖിക്കുകയും വിലപിക്കുകയും ചെയ്തു. 'ഞങ്ങളുടെ ഇടയിൽ ഗോതമ്പിനോടൊന്നിച്ച് ചേർന്നിരിക്കുന്ന മുള്ളുപോലെയുള്ള ഇവൻ ആരാകുന്നു' എന്നവർ തന്നോടുത്തരമായ് പറഞ്ഞു.

2. വരുവിൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുമ്പോൾ നമ്മുടെ വീഴ്ചയെപ്രതി എളിമപ്പെട്ടതിനാൽ തന്നെ നമുക്കു കീർത്തിക്കാം താൻ നിർധനയും മാലിന്യമില്ലാത്ത കന്യകയുമായ മറിയാമ്മിൽ നിന്ന് മനുഷ്യനായിത്തീരുകയും ദുസ്വാതന്ത്ര്യം മൂലം വീണുപോയ നമ്മുടെ വർഗ്ഗത്തെ തന്റെ താഴ്ചയാൽ ഉയർത്തുകയും ചെയ്തു. താൻ ആരോഹണം ചെയ്യുകയും സ്വർഗ്ഗരാജ്യത്തിൽ തന്നോടൊന്നിച്ചു ജീവിച്ച് നീതീകരിക്കപ്പെടേണ്ടതിനായി സ്വർഗ്ഗത്തിൽ നമ്മെ ഇരുത്തുകയും ചെയ്തിരിക്കുന്നു.

## എത്രോ

ഞങ്ങളുടെ കർത്താവെ! കർത്താവിന്റെ ഇടവക കർത്താവിന് സമർപ്പിക്കുന്ന ധൂപം കൈക്കൊള്ളേണമെ. കർതൃസഭയ്ക്ക് സമാധാനവും കർത്താവിന്റെ ആടുകൾക്ക് ആശ്വാസവും വിശ്രമവും നൽകണമെ. കർത്താവിന്റെ കഷ്ടാനുഭവത്തെ ഏറ്റുപറഞ്ഞു കഷ്ടതയേല്പാനും കർത്താവിന്റെ മുറിവുകളെ വന്ദിച്ചു ഓമനിപ്പാനും ക

ത്താവിന്റെ പുനരുത്ഥാനത്തെ ആനന്ദിച്ചു വാഴ്ത്തുവാനും ക ത്താവിന്റെ ജീവന്റെ തൊഴുത്തിലേക്കു പ്രവേശിപ്പാനും തനിക്കും തന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കണമെ.
ഹോശോ.............

**ബോത്തേദ് ഹാശോ**

ഞങ്ങൾ-ക്കായ് നീ-യേറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. യൂദ-ന്മാർ തൻ-നാവിൽ പാമ്പിൻ
വിഷമുണ്ടെ-ന്നേ-വം ദാവീ-ദിൻ
മുൻചൊല്ലേറ്റം-നേരാണോത്താൽ
മ്ശിഹാ-തന്നെ-നിഹനിപ്പോ-ളാം
അവർ തൻ-ഹൃദയം-ദൃഢമായ് നി-ന്നു

2. ചെകിട-ന്മാർ തൻ തെരുവിൽ നീ-ളെ
ആശ്ച-ര്യങ്ങൾ-ചെയ്തെന്നാ-ലും
ലേശം പോലും- ആ മൂഢന്മാർ
തന്നെ-സൂചി-പ്പിക്കും മുൻ-ചൊ
ല്ലൊന്നും-വായി-ച്ചുൾക്കൊണ്ടി-ല്ല

3. ദുഷ്ട-ന്മാർ ചി-ന്തിയ രക്ത-ത്താൽ
കുറ്റ-ക്കാരായ്-ചിതറിപ്പോ-യി
ഞാനെ-ന്നേറും-ഭാവം മൂലം
യീഹൂ-ദ്യന്മാരേ-ന്യായ-ക്കാർ
നാനാ-ഠിക്കിൽ-ചിതറിപ്പോ-യി

നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ മൊറിയോ റാഹേം....

**മാർ യാക്കോബിന്റെ ബോവൂസാ**

മ്ശിഹാസ്കീപ്പാ മൃതികഷ്ടതകൾക്കായ് വന്നോനേ

പ്രാത്ഥനകേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

1. ക്ലേ-ശം തീണ്ടാത്തോൻ നമ്മൾക്കായ് ക്ലേശം-പൂണ്ടോൻ
**സ്തോത്രം പാടാൻ പ്രിയരെ വരുവിൻ സ്തുതി ഘോ-ഷി-പ്പീൻ**
**സ-മ്പത്തുള്ളോൻ-മാലിന്യത്തിൻ കറയേ-ൽക്കാ-ത്തോൻ**
**വൻ നിക്ഷേപം നമ്മൾക്കേകാൻ ക്ലേശം പൂ-ണ്ടാൻ**
**ദു-ഷ്ടന്മാരീടടിയും തുപ്പും ഹിതമോ-ടേ-റ്റാൻ**
**ആ-ദാമ്യക്കായ് ജീവൻ നൽകാൻ മൃതികൈ-ക്കൊ-ണ്ടാൻ**
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

2. **സ്വ-ഗ്ഗം തന്നിൽ തിരുസന്നിധിയിൽ നിൽക്കും-സൈ-ന്യം**
**ആം-ഗ്യം കാണിച്ചാലീലോകം തീയാ-ൽ മൂ-ടും**
**തീ- പൂ-ണ്ടോരാം പതിനായിരമുണ്ടാരാ-ധി-പ്പാൻ**
**ആ-ജ്ഞാപിച്ചാലവരെ നേക്കാനാരാ-ളാവും**
**എ-ണ്ണം കൂടാതഗ്നിമയന്മാർ ചുറ്റും-നിൽ-പു**
**ക-ല്പിച്ചെന്നാൽ വന്നുമുടിക്കും ഭൂലോ-ക-ത്തെ**
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതല വിസ്മയമാന്ന്
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

(അല്ലെങ്കിൽ)
പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ
യൂദന്മാരെ നിങ്ങടെ നിലയം സർവ്വം ശൂന്യം

## ഏവൻഗേലിയോൻ

**(പെസ്ഗോമോ)**

ഹാലേലുയ്യ-ഹാലേലുയ്യ ഭോഷത്തരമവരുടെ വായോതുന്നു-
അന്യായം വലതു കരത്തിൽ കവിയുന്നു ഹാലേലുയ്യ-

വി. ലൂക്കോസ് 13: 31-35
**ആ** നാഴികയിൽ തന്നേ ചില പരീശന്മാർ അടുത്തു വന്നു: ഇവി
ടം വിട്ടു പൊയ്ക്കൊൾക; ഹെരോദാവു നിന്നെ കൊല്ലുവാൻ ഇച്ഛി
ക്കുന്നു എന്നു അവനോടു പറഞ്ഞു. അവൻ അവരോടു പറ

ഞ്ഞതു: നിങ്ങൾ പോയി ആ കുറുക്കനോടു: ഞാൻ ഇന്നും നാളെയും ഭൂതങ്ങളെ പുറത്താക്കുകയും രോഗശാന്തി വരുത്തുകയും മൂന്നാം നാളിൽ സമാപിക്കയും ചെയ്യും. എങ്കിലും ഇന്നും നാളെയും മറ്റെന്നാളും ഞാൻ സഞ്ചരിക്കേണ്ടതാകുന്നു; യെരൂശലേമിന്നു പുറത്തുവെച്ച് ഒരു പ്രവാചകൻ നശിച്ചു പോകുന്നതു അസംഭ്യവമല്ലോ എന്നു പറവിൻ. യേരൂശലേമേ, യേരൂശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കും പോലെ നിന്റെ മക്കളെ എത്രവട്ടം ചേർത്തുകൊൾവാൻ എനിക്കു മനസ്സായിരുന്നു; നിങ്ങൾക്കോ മനസ്സായില്ല. നിങ്ങളുടെ ഭവനം ശൂന്യമായ്തീരും; കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ പറയുവോളം നിങ്ങൾ എന്നെ കാണുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

St. Luke 13: 31-35

On that very day some Pharisees came, saying to Him, “Get outand depart from here, for Herod wants to kill You. And He said to them, “Go, tell that fox, ‘Behold, i cast out demons and perform cures today and tomorrow, and the third day I shall be perfected.’ “Nevertheless I must journey today, tomarrow, and the day following; for it cannot be that a prophet should perish outside of Jerusalem. “ O Jerusalem, jerusalem, the one who kill the prophets and stones those who are sent to her! How often I wanted to gather your children together, as a hen gathers her brood under her wings, but you were not willing! “See! Your house is left to you desolate; and assuredly, I say to you, you shall not see Me until the time comes when you say, ‘Blessed is He who comes in the name of the Lord!”

**കൗമാ**

(ബ്ഹൗനഹറോഗായൊ..... എന്ന രീതി)

നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം

**ഗദ്യം**

കർത്താവേ! നിന്നെ കൊല്ലുന്നതിന് ഒരുമിച്ചുകൂടിയ ജനം നിന്റെ ന്യായവിസ്താരത്തിൽ കുറ്റം ചുമത്തപ്പെടുകയും, നിന്നെയും നിന്റെ കഷ്ടാനുഭവത്തേയും ഏറ്റു പറഞ്ഞ പുറജാതികൾ നിന്റെ രാജ്യത്തിൽ പ്രവേശിക്കുകയും ചെയ്യും. **(മൂന്നു പ്രാവശ്യം)**

**(ലൊക്‌മോർ തെശുദ്ദുഹത്തോ)**

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്‌മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,
Opened be to us Zion's gates above
May our pleas be heard at the throne of Christ.
Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

**(സുറിയാനി)**

ലോക്‌മോർ തെശുദ്ദുഹത്തോ ലാ ബോക് എക്റോ
വൽറൂഹോദ് കുദ്ശോ സെഗതോ റൂമാ റോമോ

വലൈൻ ഹാതോയാ റഹ്മാ വഹ്നൂനോ
നസ്പാസ് ആഹൂൻതാരാ അയ് ഒറിശലേം ദഹലാ അൽ
നെൽഓൻ സ്ലാവോസോൻ ക്ദാംബിം ദം ശീഹോ
ശുബഹോ ലോക് മോറാൻ ശുബഹോ ലോക് മോറാൻ
ശുബഹോ ലോക് സബറാൻ ലാ ഒലാം, ബാറെക്മോർ.

**ഗദ്യം**

എന്റെ കർത്താവേ! തനിക്കു സ്തുതി തന്റെ പിതാവിനു ബഹുമാനവും ശുദ്ധമുള്ള തന്റെ റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളുമായ ഞങ്ങളുടെമേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ. മേലുള്ള ഊറശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ തന്റെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവേ സ്തുതി, ഞങ്ങളുടെ കർത്താവേ സ്തുതി, എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ സ്തുതി, ബാറെക്മോർ

സ്വർഗ്ഗസ്ഥനായഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power and the glory, for ever and ever. Amen (+)

## വിശ്വാസപ്രമാണം

പുരോഹിതൻ: സർവ്വശക്തിയുള്ള പിതാവും സ്വർഗ്ഗത്തിന്റേയും ഭൂമി യുടേയും-

Celebrant: We believe in one true God

പ്രതിവാക്യം: കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ, സകലത്തിന്റേയും സ്രഷ്ടാവുമായ സത്യ ഏക ദൈവത്തിൽ ഞങ്ങൾ വി ശ്വസിക്കുന്നു.

ദൈവത്തിന്റെ ഏക പുത്രനും, സർവ്വലോകങ്ങൾക്കും മു മ്പേ പിതാവിൽ നിന്നു ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനി ച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് സമത്വ മുള്ളവനും, സകലവും താൻ മുഖാന്തിരമായി നിർമ്മിച്ച വനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായ പ്രകാരം + സ്വർഗ്ഗത്തിൽ നിന്നിറങ്ങി, വി. റൂഹായാൽ, ദൈവമാതാവായ വി. കന്യമറിയാമിൽ നിന്ന്, + ശരീരയായിത്തീർന്ന് മനുഷ്യനായി, പൊന്തിയോസ് പീലാത്തോ സിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി + കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ചു മരിച്ച് അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്, സ്വർഗ്ഗത്തിലേയ്ക്കു കരേറി, തന്റെ പിതാവിന്റെ വലത്തുഭാഗത്തു ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ, തന്റെ വലിയ മഹത്വത്തോടെ ഇനി യും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാനമി മില്ലാത്തവനുമായ യേശുമിശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽ നിന്നു പുറപ്പെട്ടു, പിതാവിനോടും പുത്രനോടും കൂടെ വന്ദിക്ക പ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ, ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിന് മാമോദീസാ ഒരിക്കൽ മാത്രമാകു ന്നുവെന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയി

ർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാക്കുന്നു. ആമ്മീൻ

Response: The Father Almighty, Maker of heaven and earth, and of all things visible and invisible:

And in the one Lord Jesus Christ, the only begotten Son of God; begotten of the Father before all worlds; light of light very God of very God; begotten, not made; being of the same substance with the Father; and by whom all things were made; + who for us human, and for our salvation, came down from heaven, + and was incarnate of the holy virgin Mary, Mother of God, by the Holy ghost, and became man; + and was crucified for us, in the days of Pontius Pilate; and suffered, and died, and was buried; and the third day rose again according to His will; and ascended in to heaven, and sists on the right hand of the Father; and shall come again in His great glory to judge both the living and the dead; whose Kingdom shall have no end;

And in the one living Spirit, the life-giving Lord of all, who proceeds from the Father; and who with the Father and Son is worshipped and glorified; who spoke by the prophets and the apostles:

And in the one, holy, Catholic and Apostolic Church: and we acknowldege one baptism for the remission of sins; and look for the resurrection of the dead: and the new life in the world to come. Amen.